കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തലശ്ശേരി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.എ.എൻ.ഷംസീർ എം.എൽ.എ. യുടെ അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 3745/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 22.11.2017.

---

പരാമർശം :- (1) 11.06.2012-ലെ ജി.ഒ.(പി.)നം.332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.08.2017 ലെ ഡിബി5-2018/17/സിഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം "തലശ്ശേരി നഗരസഭ മാടപീടിക – കുറ്റിവയൽ റോഡ് നവീകരം" എന്ന പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിക്കുകയും, പ്രസ്തുത പ്രവൃത്തിക്ക് തലശ്ശേരി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.എ.എൻ.ഷംസീർ എം.എൽ.എ. യുടെ അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.എ.എൻ.ഷംസീർ എം.എൽ.എയുടെ 2016-17 ആസ്തി വികസന പദ്ധതിയിൻ കീഴിൽ പ്രോജക്ട് ഐ.ഡി.3026 മാടപ്പീടിക കുറ്റിവയൽ റോഡ് നവീകരണം എന്ന പ്രവൃത്തിക്ക് ആകെ അടങ്കൽ തുകയായ 10 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും, വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും പരാമർശം (1) ലെ സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ് എന്ന നിബന്ധനയോടുകൂടിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ആയതു സംബന്ധിച്ച ചെലവ് "4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ് " എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
മിനിമോൾ ഡി.,
ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ.എ.എൻ.ഷംസീർ എം.എൽ.എ. തലശ്ശേരി നിയോജകമണ്ഡലം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, തലശ്ശേരി നഗരസഭ .
ധനകാര്യ വകുപ്പ് (1260/NC-C3/Fin)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.